ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ഉദ്ദേശിക്കുന്നു. അതിൽ പറയുന്നത് ഒരാൾ അയാളുടെ വരുമാനവുമായി തട്ടിച്ചു നോക്കുമ്പോൾ ബന്ധമില്ലാത്ത നിലയിൽ സ്വത്ത് സമ്പാദിക്കുന്നതു് അഴിമതിയാണെന്നാണ്. കമ്മീഷൻ ഈ ശുപാർശ ആദ്യത്തെ റിപ്പോർട്ടിലും ഉൾക്കൊള്ളിച്ചിരുന്നു. എന്റെ ഭേദഗതി ബില്ലും അതിനുവേണ്ടിയാണ്. സ്വത്തു സമ്പാദനം ഒരു അഴിമതിയായി ചേർക്കണമെന്ന് കമ്മീഷൻ ആദ്യത്തെ റിപ്പോർട്ടിലും ആവശ്യപ്പെട്ടിരുന്നു. അതിനുവേണ്ടിയുള്ള ഡ്രാഫ്റ്റ് റൂളും 'a public man' എന്നു പറഞ്ഞ് ഇതിൽ ചേർത്തിട്ടുണ്ട്. അങ്ങനെ അഴിമതിയുടെ നിർവ്വചനത്തിൽ സ്വത്ത് സമ്പാദനം ചേർക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. അതു സംബന്ധിച്ച് ഒരു വട്ടം ചർച്ചയും നടന്നു. അങ്ങനെ സ്വത്തു സമ്പാദിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം പൂർണ്ണമായ അന്വേഷണം നടത്തുന്നതിന് കമ്മീഷനു അധികാരം കൊടുക്കണമെന്നാണ് രണ്ടു റിപ്പോർട്ടിലും അവർ ആവശ്യപ്പെട്ടിരുന്നത്. ഞാൻ ഈ രാജ്യത്തെ രേണക്കാരോടും മുഖ്യമന്ത്രിയോടും ചോദിക്കുകയാണ്. അങ്ങ് ഈ രാജ്യത്ത് പല ഓർഡിനൻസുകളും കൊണ്ടുവന്നില്ലേ? ഈ സംസ്ഥാനത്ത് ദേവസ്വം ബോർഡിനുവേണ്ടി മെമ്പർഷിപ്പിനുവേണ്ടി സത്യവാങ്മൂലം നൽകുന്ന ഓർഡിനൻസ് കൊണ്ടുവന്നു. അതുപോലെതന്നെ ഇന്നലെ 55 വയസ്സ് 60 വയസ്സാക്കാൻ ഓർഡിനൻസ് കൊണ്ടുവന്നു. തൊട്ടതിനൊക്കെ ഓർഡിനൻസ് കൊണ്ടുവന്ന ഈ ഗവൺമെന്റ് എന്തുകൊണ്ട് ഇക്കാര്യത്തിൽ ഓർഡിനൻസു കൊണ്ടുവന്നില്ല? ആർക്കെങ്കിലും ഇതിൽ എതിരുണ്ടോ? ഈ രാജ്യത്ത് ഒരു കുഞ്ഞുപോലും എതിരു പറയുകയില്ല. നമ്മളെ എത്രയോ ഓർഡിനൻസുകളും കൊണ്ടുവന്നവരാണ്. ഓർഡിനൻസ് നിയമമാക്കാൻ വേണ്ടിയുള്ള സമ്മേളനമാണിത്. ഈ സമ്മേളനത്തിലെങ്കിലും അഴിമതിയെ സംബന്ധിച്ച് ഒരു നിർവ്വചനം കൊടുത്തു ഇതു കുറ്റകരമാക്കുന്ന ഒരു ഓർഡിനൻസ് മുഖ്യമന്ത്രി കരുണാകരൻ കൊണ്ടുവന്നിരുന്നു എങ്കിൽ അദ്ദേഹത്തിന്റെ അഴിമതി നിരോധന പ്രസംഗത്തിൽ ആത്മാർത്ഥതയുണ്ടെന്നു പറയാമായിരുന്നു. ഇതൊരു മേനി പറച്ചിലാണ്. ഈ ഗവൺമെന്റ് അഴിമതിയെ പ്രോൽസാഹിപ്പിക്കുക മാത്രമല്ല അഴിമതിക്കു കൂട്ടുനിൽക്കുകയും ചെയ്യുന്നു. അതുകൊണ്ട് അഴിമതി നിരോധന നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസു കൊണ്ടുവന്നാൽ ഒരു കാര്യം വ്യക്തമാണ് ഈ മന്ത്രിസഭയിലുള്ള നാലഞ്ചു പേർ നിയമസഭാ സ്ഥാനാർത്ഥികളെപോലും ആവുകയില്ല. അതിനെ ഭയന്നിട്ടാണ്, തൊട്ടതിനൊക്കെ ഓർഡിനൻസു കൊണ്ടുവന്ന ഈ ഗവൺമെന്റ് അഴിമതി നിരോധന കമ്മീഷൻ രണ്ടു തവണ കൊണ്ടുവന്ന് ശുപാർശ ചെയ്തിട്ടും പ്രതിപക്ഷം പറഞ്ഞിട്ടും ഈ ഓർഡിനൻസു കൊണ്ടുവരാത്തത്. എന്തിനാണ് ഈ അഴിമതി നിരോധനം? മേനി പറച്ചിലല്ലേ നിങ്ങൾക്കുള്ളൂ? നിങ്ങൾക്കുവല്ല ആത്മാർത്ഥതയും ഉണ്ടോ? ഇക്കാര്യത്തിൽ ഓർഡിനൻസു കൊണ്ടുവരാൻ നിങ്ങൾക്കു ഭയമാണ്.

1985—ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ

(ശ്രീ കോടിയേരി ബാലകൃഷ്ണൻ നോട്ടീസ് നൽകിയത്)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സഹകാര്യമേഖലയിൽ പുതിയ കോളേജുകളും സ്കൂളുകളും അനുവദിക്കരുതെന്നും അൺ എയിഡഡ് അംഗീകൃത സ്കൂളുകളിലെ അദ്ധ്യാപകരുടെ സേവനവേതന വ്യവസ്ഥകൾ നിശ്ചയിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കേരള വിദ്യാഭ്യാസ ആക്ടിന്റെ ഭേദഗതി എന്ന നിലയിൽ ആണ് വിദ്യാഭ്യാസ ഭേ

LIBRARY ARCHIVES Kerala Legislative Assembly

ഗതി ബിൽ ഈ സഭയിൽ ഞാൻ അവതരിപ്പിച്ചത്. സംസ്ഥാനഗവൺമെൻറിന്റെ ആസൂത്രണബോർഡ് നിയോഗിച്ച പഠന സംഘം സ്വകാര്യമേഖലയിൽ പുതിയ വിദ്യാലയങ്ങളും അനുവദിക്കരുതെന്ന് ഗവൺമെൻറിന് മുന്നറിയിപ്പു നൽകിയിരുന്നു. എങ്കിലും സ്വകാര്യമേഖലയെ കൂടുതൽ കൂടുതൽ പ്രോൽസാഹിപ്പിക്കുകയാണ് ഇപ്പോഴും ഗവൺമെൻറ് ചെയ്യുന്നത്. ഇതിന്റെ ഫലമായി സാമുദായിക വർഗ്ഗീയ ശക്തികളും വിദ്യാഭ്യാസ മേഖലയെത്തന്നെ കയ്യടക്കിയിരിക്കുന്ന ഒരു കാഴ്ചയാണ് കണ്ടുകൊണ്ടിരിക്കുന്നത്. ഇതു ഭരണരംഗത്തുതന്നെ ഒരു സമ്മർദ്ദ ഗ്രൂപ്പായി വളർന്നിരിക്കുന്നു എന്നാണ് പ്ലാനിംഗ് ബോർഡ് രേഖപ്പെടുത്തിയിരിക്കുന്നത്. സർ, ഇപ്പോഴും അതിൽനിന്നും ഒരുപടി കൂടി കടന്ന് വിദ്യാഭ്യാസ രംഗത്ത് എന്തു പഠിപ്പിക്കണമെന്നുപോലും മതമേധാവികളും തീരുമാനിക്കുന്ന അവസ്ഥ വന്നുചേർന്നിരിക്കുകയാണ്. സർ, കോഴിക്കോട് സർവ്വകലാശാലയിൽ ബി. എ., ബി എസ് സി. ക്ലാസ്സുകളിലെ പാഠപുസ്തകമായ, ശ്രീ. പി. എ. വാര്യർ എഴുതിയ ലേഖനങ്ങളും ചേർത്ത അനുഭവങ്ങളും എന്ന കൃതി പഠിപ്പിക്കേണ്ടതില്ലെന്ന് ആണ് ഇപ്പോഴും ഗവൺമെൻറ് തീരുമാനിച്ചിരിക്കുന്നത്. സർ, നിയമസഭയിൽ ആക്ഷേപം വന്നയുടൻ ആ പുസ്തകംതന്നെ പിൻവലിക്കുമെന്നാണ് ഗവൺമെൻറ് പ്രഖ്യാപിച്ചുകളഞ്ഞത്. 1982 മുതൽ ഇതു പഠിപ്പിച്ചുവരുന്നതാണ്. സർ, വിശ്വപ്രസിദ്ധനായ ഹസ്സൻ സാർക്കീസ് രചിച്ച കൃതിയെ ആസ്പദമാക്കി എഴുതിയ ലേഖനമാണ് പഠിപ്പിക്കേണ്ടതില്ലെന്ന് ഗവൺമെൻറ് നിശ്ചയിച്ചിട്ടുള്ളത്.

ശ്രീ. എ. കെ. പത്മനാഭൻ: സർ, വിവാദപരമായ ശ്രീ. കസാൻദ്സാക്കിസാവ് ''ലാസ്റ്റ് ടെംറേഷൻ ഓഫ് ക്രൈസ്റ്റ്'' എന്ന പുസ്തകവും അതിനെ ആസ്പദമാക്കി പി. എ. വാര്യർ എഴുതിയ അനുഭവങ്ങളും എന്ന പുസ്തകത്തിലെ ക്രിസ്തുവിന്റെ അന്ത്യപ്രലോഭനങ്ങളും എന്ന ലേഖനവും വായിക്കാതെയാണ് ഇവിടെ ആരോപണം ഉന്നയിച്ചത്. അതു പാഠപുസ്തകത്തിൽനിന്നും നീക്കം ചെയ്യണമെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിച്ചത്, അതു ഡിഗ്രിക്ലാസ്സിലാണോ പ്രീ-ഡിഗ്രി ക്ലാസ്സിലാണോ എന്നുപോലും അറിയാതെ ആണെന്ന വസ്തുത ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അതു ഡിഗ്രി ക്ലാസ്സിലാണ് പഠിപ്പിക്കുന്നത്. പ്രീ-ഡിഗ്രിക്ലാസ്സിലാണെന്ന് പറഞ്ഞുകൊണ്ടാണ് പിൻവലിക്കുമെന്ന് പറഞ്ഞത്. യഥാർത്ഥത്തിൽ ആ പുസ്തകം തന്നെ വിദ്യാഭ്യാസവകുപ്പുമന്ത്രി വായിച്ചിട്ടില്ലെന്നാണ് എനിക്കു തോന്നുന്നത്. വായിച്ചിരുന്നെങ്കിൽ അതു പിൻവലിക്കണമെന്ന തീരുമാനം ഇത്ര ധൃതി പിടിച്ച് ഗവൺമെൻറ് എടുക്കുമായിരുന്നില്ല.

ശ്രീ. കാനം രാജേന്ദ്രൻ: സർ, ''ലാസ്റ്റ് ടെംറേഷൻ ഓഫ് ക്രൈസ്റ്റ്'' എന്ന പുസ്തകം വിദ്യാഭ്യാസവകുപ്പുമന്ത്രി വായിച്ചുകൊണ്ടിരിക്കുകയാണെന്നും അതു വായിച്ചുകഴിഞ്ഞാൽ അതേക്കുറിച്ച് അഭിപ്രായം പറയാമെന്നും അദ്ദേഹം പത്രക്കാരോടു പറഞ്ഞത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അങ്ങനെയാണെങ്കിൽ അദ്ദേഹം അതു വായിച്ചുകഴിഞ്ഞതിനുശേഷം പിൻവലിക്കാൻ പറഞ്ഞാൽ മതിയായിരുന്നു. കഴിഞ്ഞ വർഷമാണ് വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിത പിൻവലിച്ചത്. ഒ. എൻ. വി. കുറുപ്പിന്റെ കവിത പിൻവലിച്ചു. തായാട്ടു ശങ്കരന്റെ കവിത പിൻവലിച്ചു. ഇപ്പോൾ ഗോദാവരി പരുലേക്കർ എഴുതിയ ''മനുഷ്യർ ഉരുളുമ്പോൾ'' എന്ന പുസ്തകം കൂടി പിൻവലിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. പുരോഗമനപരമായ എല്ലാ വീക്ഷണങ്ങളും പാഠ്യപദ്ധതിയിൽനിന്നും എടുത്തുകളയാനുള്ള നീക്കമാണ് നടക്കുന്നത്. ഇംഗ്ലീഷ് എം. എ. ക്ലാസ്സിൽ 'ആനിമൽ ഫാം' എന്നു പറയുന്ന ഒരു പുസ്തകമുണ്ട്. തികച്ചും കമ്മ്യൂണിസ്റ്റ് വിരുദ്ധമായ ഒരു പുസ്തകമാണ്. ഈ കൃതി പിൻവലിക്കണമെന്ന് ഞങ്ങളാരും പറഞ്ഞില്ല. കമ്മ്യൂണിസ്റ്റു വിരുദ്ധമായ ആ കൃതി വിദ്യാർത്ഥികളെ പഠിപ്പിച്ചാൽ ഇവിടെ കമ്മ്യൂണിസം തകർന്നുപോകുകയില്ല. അങ്ങനെ ഏതെങ്കിലും ഒരു മതത്തെ അപഹസിക്കുന്നുവെന്ന പേരും പറഞ്ഞുകൊണ്ട് കൃതികളെ എടുത്തുമാറ്റുന്ന പ്രവണത അവസാനിപ്പിക്കണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്.

1985—ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ

ശ്രീ. എം. വി. രാഘവൻ: സർ, സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബില്ലിന്റെ കാര്യത്തിൽ നമ്മുടെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കു വലിയ അഭിപ്രായ വ്യത്യാസമുണ്ടാവുകയില്ല.....

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, റൂൾ 94 പ്രകാരം ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. ഭരണകക്ഷിയുടെ ഭാഷയിൽ പറഞ്ഞാൽ, ബഹുമാനപ്പെട്ട രാഘവൻ പറയുന്നതൊക്കെ സിംഹഗർജ്ജനമാണ്. ശ്രീ. രാഘവന്റെ സിംഹഗർജ്ജനം ഒഴിവാക്കണം. ബഹുമാനപ്പെട്ട രാഘവൻ ഇവിടെ നോട്ടീസു കൊടുത്തിരിക്കുന്ന ഈ അമൻറുമെന്റു ബിൽ അതേപോലെ ഗവൺമെന്റ് അംഗീകരിച്ച് ഒരു പുതിയ ബിൽ ഇവിടെ സർക്കുലേറ്റു ചെയ്തിട്ടുണ്ട്. കഴിഞ്ഞ ദിവസം നിയമസഭയിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി അതു പറഞ്ഞതാണ്. അതുകൊണ്ട് ഈ ചർച്ച പ്രസക്തമാണോ? ശ്രീ. രാഘവന്റെ സിംഹഗർജ്ജനത്തെ ഭയന്നിട്ടു പറയുന്നതല്ല. ഭരണകക്ഷികൾക്ക് ഇപ്പോൾ ശ്രീ. രാഘവൻ പറയുന്നതൊക്കെ ഒരു സിംഹ ഗർജ്ജനമാണ്.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഇവിടെ എം. വി. രാഘവൻ അവതരിപ്പിച്ചിരിക്കുന്ന ബില്ലിൽ നിർദ്ദേശിച്ചിരിക്കുന്ന കാര്യം ഗാന്ധിജി യൂണിവേഴ്സിറ്റി
11 a.m.] (3-ാം ഭേദഗതി) ബില്ലായി ഗവൺമെന്റ് ഇവിടെ സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. ആ ബില്ല് പാസ്സായിട്ടില്ല. അത് സർക്കുലേഷനിൽ ഇരിക്കുന്നതേയുള്ളൂ. അതുകൊണ്ട് അത് ചർച്ച ചെയ്യുന്നതിന് യാതൊരു കുഴപ്പവുമില്ല; ചർച്ച ചെയ്യാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly